LIBRARY ARCHIVES Kerala Legislative Assembly

**വാറ്റ് നടപ്പാക്കിയതിനുശേഷമുള്ള നികുതി വരുമാനം**

44 [981] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) വാറ്റ് നിയമം നടപ്പിലാക്കിയതിനുശേഷം പൊതുവിപണിയിലെ ഏതെല്ലാം സാധനങ്ങളുടെ വിലയാണ് കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വാറ്റ് നിയമം നടപ്പിലാക്കിയതുമൂലം എത്ര കോടിയുടെ അധിക വരുമാന മാണ് തന്നാണ്ടിൽ പ്രതീക്ഷിക്കുന്നത്; ഇപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് എത്ര അധിക വരുമാനം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻവർഷത്തേക്കാൾ വരുമാനം കുറവാണെങ്കിൽ എത്ര;

(ഇ) സംസ്ഥാന സർക്കാരിനുണ്ടാകുന്ന വരുമാനക്കുറവിന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഉണ്ടാകുമോ; എങ്കിൽ എത്ര കോടിയാണ് പ്രതീക്ഷിക്കുന്നത്?

*ഉത്തരം*

(എ) ഉണ്ട്. 1-4-2005 മുതൽ.

(ബി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയതിനുശേഷം പൊതു വിപണിയിൽ വിലകുറഞ്ഞിട്ടുള്ള സാധനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയതുമൂലം തന്നാണ്ടിൽ 840 കോടി രൂപയുടെ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഈ സാമ്പത്തികവർഷം 30-6-2005 വരെ 73 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

(ഡി) നടപ്പു സാമ്പത്തികവർഷം ഏപ്രിൽ, ജൂൺ മാസങ്ങളിൽ നികുതി പിരിവിൽ വർദ്ധനവുണ്ടായി. എന്നാൽ മേയ് മാസത്തിൽ മുൻവർഷത്തെ നികുതി പിരിവിനെക്കാൾ 5% കുറവുണ്ടായി.

---

†അനുബന്ധം III കാണുക.

(ഇ) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരി നുണ്ടാകുന്ന വരുമാന കുറവിന് ആദ്യവർഷം 100%-വും രണ്ടാം വർഷം 75%-വും മൂന്നാം വർഷം 50%-വും കേന്ദ്ര ഗവൺമെന്റ് നൽകുമെന്നുള്ള ധാരണയാണ് ഉണ്ടാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന് തന്നാണ്ടിൽ ഏകദേശം 840 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് വിലയിരുത്തിയിരുന്നത്.

## വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയ ഉൽപ്പന്നങ്ങൾ

45 [982] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയ ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വാറ്റ് നടപ്പിലാക്കിയതിനുശേഷം സർക്കാരിന് ലഭിക്കുന്ന നികുതി വരുമാനം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) മൂല്യവർദ്ധിത നികുതി നിയമം ഒന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള എല്ലാ സാധനങ്ങളും നികുതി വിമുക്തമാണ്. ഇതിനുപുറമെ, നാലാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് വില്പന നികുതി നിയമം അനുസരിച്ചാണ് നികുതി ചുമത്തുന്നത്. ഇവയ്ക്ക് മൂല്യവർദ്ധിത നികുതി നിയമം ബാധകമല്ല.

(ബി) മൂല്യവർദ്ധിത നികുതി നടപ്പിലാക്കിയശേഷം 30-6-2005 വരെയുള്ള കണക്കനുസരിച്ച് മുൻവർഷത്തെക്കാൾ 73 കോടി രൂപ കൂടുതൽ ലഭിച്ചിട്ടുണ്ട്.

## സബ് ട്രഷറികളിൽ വെയിറ്റിംഗ് ഹാൾ നിർമ്മിക്കാൻ നടപടി

46 [983] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സബ് ട്രഷറികളിലും എല്ലാ മാസവും ആദ്യത്തെ പത്ത് ദിവസം വളരെ തിരക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സബ് ട്രഷറികളിലും ഓരോ ആവശ്യത്തിനായി പതിനായിരക്കണക്കിന് പെൻഷൻകാർ അടക്കം കാത്തിരിക്കുന്നത് പരിഗണിച്ച് ഓരോ വെയിറ്റിംഗ് ഹാൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

3. Consequently, in supersession of all orders issued hitherto in this matter, Government are pleased to issue orders as follows with immediate effect:

(i) The present rate of 1.25% of the collection under RD being paid as annual incentive bonus to MPKBY agents vide Government Order read above stands reduced to one percent, with an annual ceiling of ₹ 15000 per agent. The 4% commission from Government of India and the 4% incentive allowance from Government of Kerala (with suitable changes in percentage rates for lower amounts) will continue as of now.

(ii) All incentives to both individual and institutional depositors will be dispensed with.

(iii) All incentives to District Collectors shall be discontinued.

(iv) Lucky prize draws to depositors will stand withdrawn.

By order of the Governor,

K. JOSE CYRIAC,
*Principal Secretary (Finance).*

**അനുബന്ധം III**

[13-7-2005-ലെ 44 (981)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

റെഡിമെയ്ഡ് വസ്ത്രങ്ങൾ

മരുന്നുകൾ

പി.വി.സി. പൈപ്പ്

കാലിത്തീറ്റ

ഇലക്ട്രിക് ഉപകരണങ്ങൾ

അലുമിനിയം ഗൃഹോപകരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly